LIBRARY ARCHIVES Kerala Legislative Assembly

മുറ്റം നിറയെ അരുമക്കോഴികൾ പദ്ധതി

98 (1682) ശ്രീ. എ. എം. ആരിഫ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഭക്ഷ്യവും സിവിൽസപ്ലൈസും മൃഗസംരക്ഷണവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) 'മുറ്റം നിറയെ അരുമക്കോഴികൾ' എന്ന പദ്ധതി ചേർത്തല മണ്ഡലത്തിലെ ഏതൊക്കെ പഞ്ചായത്തുകളിലാണ് നടപ്പിലാക്കുന്നതെന്ന് വിശദമാക്കുമോ ;

(ബി) ഈ പദ്ധതി അരൂർ മണ്ഡലത്തിലെ എത്ര പഞ്ചായത്തുകളിലാണ് നടപ്പാക്കുന്നത് ; അവ ഏതൊക്കെ ;

(സി) ഈ പദ്ധതി അരൂർ മണ്ഡലത്തിലെ മുഴുവൻ പഞ്ചായത്തുകളിലേക്കും വ്യാപിപ്പിക്കുന്നതിന് നടപടിയെടുക്കുമോ ?

ഉത്തരം

(എ) ചേർത്തല മണ്ഡലത്തിലെ പാണാവള്ളി, മണ്ണഞ്ചേരി എന്നീ പഞ്ചായത്തുകളിൽ നടപ്പിലാക്കിയിട്ടുണ്ട്.

(ബി) അരൂർ മണ്ഡലത്തിലെ കുത്തിയതോട് പഞ്ചായത്തിൽ ഇപ്പോൾ ഈ പദ്ധതി നടപ്പിലാക്കിവരുന്നു.

(സി) പദ്ധതി തുകയുടെ അപര്യാപ്തതമൂലം ഈ പദ്ധതി അരൂർ മണ്ഡലത്തിലെ മുഴുവൻ പഞ്ചായത്തുകളിലേക്കും വ്യാപിപ്പിക്കാൻ നിർവ്വാഹമില്ല.

ഐഡന്റിറ്റി കാർഡ് വിതരണം

99 (1683) ശ്രീ. കെ. കുഞ്ഞിരാമൻ : താഴെ കാണുന്ന ചോദ്യത്തിന് ഭക്ഷ്യവും സിവിൽസപ്ലൈസും മൃഗസംരക്ഷണവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

ക്ഷീരകർഷക ക്ഷേമനിധിയിൽ അംഗങ്ങളായ കർഷകർക്ക് കാസർഗോഡ് ജില്ലയിൽ ഐഡന്റിറ്റികാർഡ് വിതരണം ചെയ്യാൻ വൈകുന്നതിന്റെ കാരണം വ്യക്തമാക്കുമോ ?

ഉത്തരം

കാസർഗോഡ് ജില്ലയിൽനിന്നും 4592 ക്ഷീരകർഷകർ കേരള ക്ഷീര കർഷക ക്ഷേമനിധിയിൽ അംഗങ്ങളായിട്ടുണ്ട്. ടി 4592 അംഗങ്ങളിൽ 3694 പേരുടെ തിരിച്ചറിയൽ കാർഡ് അംഗീകരിച്ച് നൽകിയിട്ടുണ്ട്. അർഹരായ ബാക്കിയുള്ളവർക്കും കാർഡ്നല്കാൻ സത്വരനടപടി സ്വീകരിക്കുന്നതാണ്.